**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4058** **20.03.2018 ൽ മറുപടിയ്ക്ക്**

**ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി പ്രോത്സാഹന നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ നീക്കിവച്ച തുക എത്രയാണെന്നും കൃഷി വകുപ്പ് എന്ത് തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്ത് ജൈവകൃഷി നടപ്പാക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയായ - ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി 2016-17, 2017-18 എന്നീ വർഷങ്ങളിലാണ് ഈ സർക്കാർ നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം പ്ലാൻ ശീർഷകം 2401-00-105-85 -ൽ 1064.59 ലക്ഷം രൂപയും, 2017-18 സാമ്പത്തിക വർഷവും 1000.00 ലക്ഷം എന്ന പ്രകാരം 2064.59 ലക്ഷം രൂപയാണ് സംസ്ഥാനത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ നീക്കിവച്ചത്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY (പരമ്പരാഗത കൃഷി വികാസ യോജന) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകളിൽ ജൈവ കൃഷി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി 254.813 ലക്ഷവും NPOP ( National Programme for Organic Production) മാനദണ്ഡങ്ങൾ പ്രകാരം ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ നീക്കിവച്ച തുകയും കൃഷി വകുപ്പ് ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു. |

1. സംസ്ഥാനാവിഷ്കൃത പദ്ധതി

| വർഷം | 2016-17 | 2017-18 |
|---|---|---|
| ലഭിച്ച തുക | 1064.59 | 1000 |
| ചെലവഴിച്ച തുക | 1009.12494 | മുഴവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

2. PKVY 2016-17 (സംസ്ഥാന വിഹിതം)

| വർഷം | 2016-17 |
|---|---|
| ലഭിച്ച തുക | 254.813 ലക്ഷം |
| ചെലവഴിച്ച തുക | 236.864 ലക്ഷം |

ബി) കൃഷി വകുപ്പിന്റെ കണക്കു പ്രകാരം സംസ്ഥാനത്ത് ഏകദേശം എത്ര ജൈവകർഷകർ ഉണ്ടെന്നും അവർ വിപണനത്തിനായി എത്രമാത്രം ജൈവ കാർഷിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുവെന്നും വ്യക്തമാക്കുമോ;

ബി) കൃഷി വകുപ്പിന്റെ കണക്കു പ്രകാരം സംസ്ഥാനത്ത് 25644 ജൈവകർഷകർ ഉണ്ട്. ഇതിൽ ജൈവ കൃഷിയും ഉത്തമ കൃഷി മുറയും പദ്ധതിയിലെ 16769 കർഷകരും പരമ്പരാഗത കൃഷി വികാസ് യോജനയിലെ 8875 കർഷകരും ഉൾപ്പെടുന്നു.

സംസ്ഥാനത്തൊട്ടാകെയുള്ള 681 ജി.എ.പി ക്ലസ്റ്ററുകളിലായി 14500 Ha ൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ജൈവ കൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്. ഇവയിൽ നിന്നും വിപണനത്തിനായി നടപ്പു സാമ്പത്തിക വർഷം ഏകദേശം 4750 ടൺ പഴം പച്ചക്കറികൾ ഉല്പാദിപ്പിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു.

സി) പ്രസ്തുത ജൈവകർഷകർക്ക് ഈ സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

സി) പ്രസ്തുത ജൈവകർഷകർക്ക് ഈ സർക്കാർ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകി വരുന്നു.

നടപ്പു സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ** - 155 ജി. എ. പി ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇതിനായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഓരോ ക്ലസ്റ്ററും 15 മുതൽ 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഓരോ ക്ലസ്റ്ററിലും ഹെക്ടർ ഒന്നിന് 3000 രൂപ ധനസഹായം നൽകുന്നുണ്ട്.

**2. ഇക്കോഷോപ്പുകൾ** - ഓരോ ഇക്കോഷോപ്പിനും 2 ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നുണ്ട്.

**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**

കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക് പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**4. ജൈവ കാർഷിക മണ്ഡലം അവാർഡ്** - ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നു.

**5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ** - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

**6. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി ( കുട്ടനാട് ജി എ പി)** പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നൂതന സാങ്കേതിക വിദ്യകളുടെ ഡമോൺസ്ട്രേഷൻ

പ്ലോട്ട്, പരിസ്ഥിതി എഞ്ചിനീയറിംഗ് തത്വങ്ങൾ അവലംബിക്കൽ, കള നിയന്ത്രണം, കർഷകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ, വിളക്ക് കെണികൾ സ്ഥാപിക്കൽ, ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ, ബയോകൺട്രോൾ ഏജൻസിന്റെ ഉപയോഗം, വിപണി ഇടപെടൽ, വിള ഇൻഷ്വറൻസ് എന്നിവയൊക്കെയാണ്.

Mayap

സെക്ഷൻ ഓഫീസർ